# കുറ്റ്യാടി നീരപ്ലാൻറ് മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു



കോഴിക്കോട് ജില്ലയിലെ മരുതോങ്കര മുണ്ടവയലിൽ നീര പ്ലാൻറ് നാടിന് സമർപ്പിച്ചശേഷം മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്ലാൻറ് പരിശോധിക്കുന്നു. മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി. ഇ.കെ. വിജയൻ എം.എൽ.എ. കെ.സി. അബു എന്നിവർ സമീപം *(വാർത്ത 14-ാം പേജിൽ)*

**കുറ്റ്യാടി:** മലയോരകർഷകരുടെ ആവേശത്തിമിർപ്പിനിടെ മലബാറിലെ ആദ്യത്തെ നീരപ്ലാൻറ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നാടിന് സമർപ്പിച്ചു. കുടിയേറ്റ മേഖലയായ മരുതോങ്കരയിലെ മുണ്ടവയലിൽ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിയുടെ കീഴിലാണ് നീര പ്ലാൻറ് ആരംഭിച്ചത്.

ഇതിൻെറ ഉദ്ഘാടനം കേരകർഷകരുടെ മാത്രമല്ല മേഖലയിലെ മൊത്തം കർഷകരുടെയും തൊഴിലാളികളുടെയും നാട്ടുകാരുടെയും ഉത്സവമായി. തിമിർത്തുപെയ്ത മഴ മാറി പ്രസന്നമായ അന്തരീക്ഷത്തിലാണ് ഉദ്ഘാടന സമ്മേളനം നടന്നത്.

കേരകർഷകൻെറ സ്വപ്നപദ്ധതിയായ നീരയുടെ സംഭരണവും വിപണനവും കേരളചരിത്രത്തിൻെറ ഏടുകളിൽ സ്ഥാനം പിടിക്കുമെന്നും സർക്കാർ സബ്സിഡിയടക്കമുള്ള മുഴുവൻ സഹായങ്ങളും ഇത്തരം സംരംഭങ്ങൾക്കുണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കമ്പനി ചെയർമാൻ ബാബു മത്തത്ത് അധ്യക്ഷത വഹിച്ചു. കർഷകർക്കുള്ള വേതനം ഇ.കെ. വിജയൻ എം.എൽ.എ. വിതരണം ചെയ്തു. കേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് മുഖ്യപ്രഭാഷണവും കുറ്റ്യാടി കമ്പനിക്കുള്ള ഗ്രാൻറ് വിതരണവും നടത്തി. നീര മൂല്യ വർധിത ഉത്പന്നങ്ങളുടെ വിതരണോദ്ഘാടനം കെ.എഫ്.സി. എം.ഡി. പി. ജോയി ഉമ്മൻ നിർവഹിച്ചു. കൺവീനർ കെ.സി. ബാലകൃഷ്ണൻ, ഉത്പാദക കമ്പനി കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ, ഡി.സി.സി. പ്രസിഡൻറ് കെ.സി. അബു, ടി. സിദ്ദിഖ്, സൂപ്പി നരിക്കാട്ടേരി, ജില്ലാ പഞ്ചായത്തംഗം കമല ആർ. പണിക്കർ, മരുതോങ്കര പഞ്ചായത്ത് പ്രസിഡൻറ് കെ. സജിത്ത്, കെ.ടി. ജെയിംസ്, കെ.പി. രാജൻ, ജോൺ പൂതക്കുഴി, വി.എം. ചന്ദ്രൻ, പി.എം. ജോർജ്, ശശീന്ദ്രൻ, കെ.സി. സൈനുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു.

പ്ലാൻറ് ഉദ്ഘാടനത്തിന് രാത്രി 7 മണിയോടെ മലയോര മേഖലയായ മുണ്ടവയലിൽ എത്തിയ മുഖ്യമന്ത്രിയെ മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി.യും ജനപ്രതിനിധികളും കോൺഗ്രസ് നേതാക്കളും കമ്പനി ഡയറക്ടർ ബോർഡ് അംഗങ്ങളും ചേർന്ന് സ്വീകരിച്ചു.

## നീരയ്ക്ക് സബ്സിഡി ലഭ്യമാക്കും -ഉമ്മൻചാണ്ടി

**കുറ്റ്യാടി:** നാളികേര കർഷകരുടെ സ്വപ്നപദ്ധതിയായ നീര സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുന്ന സംരംഭങ്ങൾക്ക് സർക്കാർ സബ്സിഡി അടക്കമുള്ള എല്ലാ സഹായങ്ങളും നൽകുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

കുറ്റ്യാടി നാളികേര ഉത്പാദക കമ്പനിയുടെ നീര പ്ലാൻറ് മരുതോങ്കരയിലെ മുണ്ടവയലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നാളികേരത്തിന് വില ഇടിഞ്ഞപ്പോൾ നാം പലവാതിലുകളിലും മുട്ടി. നീര സംസ്കരണവും വിപണനവും ഈ സർക്കാർ ആദ്യമേ ലക്ഷ്യമിട്ടിരുന്നു. സംസ്ഥാനത്തെ നാളികേര കർഷകരെ സഹായിക്കാൻ ഉദ്ദേശിച്ചുള്ള ഈ സംരംഭത്തിനു പക്ഷേ, ഒട്ടേറെ വിലങ്ങുതടികളുണ്ടായി. അതൊക്കെ മറികടന്നായിരുന്നു കുറ്റ്യാടി കമ്പനിക്ക് നീര എന്ന സ്വപ്നപദ്ധതി യാഥാർഥ്യമാക്കാൻ കഴിഞ്ഞത്. കമ്പനി പുറത്തിറക്കുന്ന 'നെക്റ്റ' വെളിച്ചെണ്ണ പ്ലാൻറിൻെറ ശിലാസ്ഥാപനം മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി. നിർവഹിച്ചു. കമ്പനിക്ക് 25 ലക്ഷം രൂപ അദ്ദേഹം വാഗ്ദാനം ചെയ്തു.